പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --1534 21.03.2012- ലെ മറുപടിക്ക്

'സ്വപ്ന സാഫല്യം' പദ്ധതി

ചോദ്യം

ശ്രീ.എ.കെ.ബാലൻ

ഉത്തരം

ശ്രീ. കെ. സി. ജോസഫ്

*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)*

(എ) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിലുള്ള പ്രവാസികളെ സൗജന്യമായി നാട്ടിലെത്തിക്കുന്ന 'സ്വപ്ന സാഫല്യം' പദ്ധതി എന്നാണ് ആരംഭിച്ചത്;

(എ) സൗദി അറേബ്യയിലെ ജയിലുകളിൽ നിന്ന് മോചിതരായവർക്കും പാസ്പോർട്ടും മറ്റ് രേഖകളും നഷ്ടപ്പെട്ട പ്രവാസികൾക്കും സ്വന്തം നാട്ടിലേക്ക് മടങ്ങുന്നതിനായി രൂപകൽപന ചെയ്തതാണ് 'സ്വപ്ന സാഫല്യം' എന്ന പദ്ധതി ഇതിന്റെ ഔദ്യോഗികമായ ഉദ്ഘാടനം 2012 ഫെബ്രുവരി മാസം 8 - ാം തീയതി ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു.

(ബി) മുൻ സർക്കാരിന്റെ കാലത്ത് എത്ര പേരെ ഈ പദ്ധതി പ്രകാരം നാട്ടിലെത്തിച്ചു;

(ബി) ഇപ്രകാരം ഒരു പദ്ധതി ആ കാലയളവിൽ നിലവിലുണ്ടായിരുന്നില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പേരെ നാട്ടിലെത്തിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) 2012 ഫെബ്രുവരി മാസം ആരംഭിച്ച സ്വപ്ന സാഫല്യം പദ്ധതിയിൻ കീഴിൽ നാളിതുവരെയായി 6 പേരെയാണ് തിരികെ നാട്ടിലെത്തിച്ചിട്ടുള്ളത്.

(ഡി) എത്ര പ്രവാസികളാണ് ഇനിയും ഗൾഫിലെ ജയിലുകളിലുള്ളതായി കണക്കാക്കപ്പെട്ടിട്ടുള്ളത്;

(ഡി) വിദേശ രാജ്യങ്ങളിൽ ജയിലിൽ അകപ്പെടുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമാക്കാറില്ല. ആയതിനാൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികൾ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല.

| | |
|---|---|
| (ഇ) ഇവരെ നാട്ടിലെത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഇ) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടു വന്ന് അവരുടെ മോചനത്തിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആവശ്യമായ കേസുകളിൽ നിയമസഹായം നൽകാനും എംബസിയോട് അഭ്യർത്ഥിക്കാറുണ്ട്. ഇതിനു പുറമെ നിയമസഹായം യഥാസമയം ലഭ്യമാക്കുന്നതിന് പ്രവാസി ലീഗൽ എയിഡ് സെൽ എന്ന ഒരു പദ്ധതിക്കും രൂപം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ